കേരള സർക്കാർ

# nCORONA VIRUS OUTBREAK CONTROL AND PREVENTION STATE CELL
# HEALTH & FAMILY WELFARE DEPARTMENT
# GOVT. OF KERALA

**Landline:** 0471-2302160 **Mobile:** 9072315151
**Website:** www.dhs.kerala.gov.in **Email:** *controlroomdhskerala@gmail.com*

---

## വീടുകളിൽ നിരീക്ഷണത്തിലുള്ളവർക്ക് സമർപ്പിക്കുന്നു

**ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് വീടുകളിൽ നിരീക്ഷണത്തിൽ കഴിഞ്ഞ എല്ലാവരോടും ഞങ്ങൾ നന്ദി അറിയിക്കുന്നു.**

**രോഗം സ്ഥിരീകരിച്ചിരുന്ന മൂന്ന് പേരും ആശുപത്രി വിട്ട വീടുകളിൽ നിരീക്ഷണത്തിലാണ്. വീടുകളിൽ നിരീക്ഷണത്തിൽ കഴിഞ്ഞിരുന്നവരിൽ 19 വ്യക്തികളെ ഇന്ന് നിരീക്ഷണത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.**

### തീയതി: 23/02/2020

29 ലോക രാജ്യങ്ങളിൽ കോവിഡ്-19 രോഗം പടർന്നു പിടിക്കുന്നതിനാൽ ലോകാരോഗ്യ സംഘടന പൊതുജനാരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ രോഗബാധയ്ക്കെതിരെ ജാഗ്രതയും നിരീക്ഷണവും ശക്തിപ്പെടുത്തി. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 127 പേർ നിരീക്ഷണത്തിലാണ് . ഇവരിൽ 122 പേർ വീടുകളിലും, 5 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. സംശയാസ്പദമായവരുടെ 444 സാമ്പിളുകൾ എൻ. ഐ. വി യിൽ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ 436 സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റിവ് ആണ്. നിലവിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ആരുടേയും ആരോഗ്യനിലയിൽ ആശങ്കയ്ക്ക് വകയില്ല.

കോവിഡ്-19 രോഗബാധയ്ക്കെതിരെ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചിരിക്കുന്നതിനാൽ ജനങ്ങൾ വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും പാലിക്കേണ്ടതാണ്. തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും വായും, മൂക്കും തുവാല കൊണ്ട് മൂടേണ്ടതും, ഇടയ്ക്കിടെ കൈകൾ സോപ്പും, വെള്ളവും ഉപയോഗിച്ച് കഴുകേണ്ടതുമാണ്. രോഗബാധിത പ്രദേശങ്ങളിൽ നിന്നും മടങ്ങിയെത്തിയവർ 19/02/2020 ലെ പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം

വീട്ടുകളിൽ തന്നെ തുടരേണ്ടതും പൊതു ഇടങ്ങൾ സന്ദർശിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്. (Home Isolation)

## അനുബന്ധ പ്രവർത്തനങ്ങൾ

- അധ്യാപകരുടെ സഹായത്തോടെ വിദ്യാഭ്യാസ വകുപ്പ് വിദ്യാർത്ഥികൾക്കായി വളരെയധികം പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. പി.റ്റി.എയുടെ പിന്തുണയോടെയാണ് ഈ പരിശീലനങ്ങൾ നടത്തുന്നത്.
- ആരോഗ്യ വകുപ്പ് ജീവനക്കാർക്കും മറ്റ് ഇതര വകുപ്പ് ജീവനക്കാർക്കും വേണ്ട 46 പരിശീലന സഹായികൾ വിഡിയോ രൂപത്തിൽ തയ്യാറാക്കി "കേരള ഹെൽത്ത് ഓൺലൈൻ ട്രെയിനിംഗ്" എന്ന ആരോഗ്യവകുപ്പിന്റെ യുട്യൂബ് ചാനലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (https://www.youtube.com/c/keralahealthonlinetraining).
- സംസ്ഥാന കൺട്രോൾ റൂമും ജില്ല കൺട്രോൾ റൂമുകളും തമ്മിൽ പ്രാധാന്യമേറിയ വിവരങ്ങൾ കൈമാറുന്നതിനും വിശകലനം ചെയ്യുന്നതിനും ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- സംസ്ഥാന തലത്തിലും എല്ലാ ജില്ലകളിലും അവശ്യ മാനവവിഭവശേഷി ഉറപ്പു വരുത്താനായുള്ള ടീമുകളെ വിന്യസിച്ചു. വിമാനത്താവള നിരീക്ഷണത്തിനും, ആശുപത്രി നിരീക്ഷണത്തിനും ഗതാഗത സംവിധാനം ഉറപ്പു വരുത്താനും വേണ്ട മാനവവിഭവശേഷി എല്ലാ ജില്ലകളിലും ഉറപ്പ് വരുത്തിയിട്ടുണ്ട്.
- എല്ലാ ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ മതിയായ ഭൗതിക സാഹചര്യങ്ങളും പ്രത്യേക ചികിത്സാ സൌകര്യങ്ങളും ഉറപ്പു വരുത്തിയിട്ടുണ്ട്.
- കൊറോണാ വൈറസ് രോഗബാധ സംശയിക്കുന്ന കുടുംബങ്ങൾക്ക് മാനസിക പിന്തുണ പ്രദാനം ചെയ്യുന്നതിന് വേണ്ടി സംസ്ഥാനത്തൊട്ടാകെ 215 അംഗങ്ങളെ വിവിധ ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട്. 3646 ടെലിഫോണിക്ക് കൌൺസിലിംഗ് സേവനങ്ങൾ ഇത് വരെ ലഭ്യമാക്കി.

| ജില്ല | ആകെ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | വീടുകളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ആശുപത്രികളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | നിരീക്ഷണത്തിൽ നിന്നും ഇന്ന് ഒഴിവാക്കിയവരുടെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 28 | 26 | 2 | 0 |
| കൊല്ലം | 4 | 4 | 0 | 3 |
| പത്തനംതിട്ട | 2 | 2 | 0 | 0 |
| ഇടുക്കി | 2 | 2 | 0 | 0 |
| കോട്ടയം | 9 | 9 | 0 | 0 |
| ആലപ്പുഴ | 18 | 17 | 1 | 9 |
| എറണാകുളം | 9 | 9 | 0 | 0 |
| തൃശൂർ | 27 | 26 | 1 | 4 |
| പാലക്കാട് | 10 | 10 | 0 | 1 |
| മലപ്പുറം | 5 | 5 | 0 | 1 |
| കോഴിക്കോട് | 3 | 3 | 0 | 0 |
| വയനാട് | 0 | 0 | 0 | 0 |
| കണ്ണൂർ | 6 | 5 | 1 | 1 |
| കാസർഗോഡ് | 4 | 4 | 0 | 0 |
| ആകെ | 127 | 122 | 5 | 19 |